## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4391 — 17.12.2014- ൽ മറുപടി.

### സ്വാശ്രയ മെഡിക്കൽ കോളേജുകളിലും സ്വകാര്യമെഡിക്കൽ കോളേജുകളിലും ഹൗസ് സർജൻസി ചെയ്യുന്നവർക്ക് സ്റ്റൈപ്പന്റ് ലഭ്യമാക്കാൻ നടപടി

| ചോദ്യം<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സ് പൂർത്തിയാക്കി ഒരു വർഷം ഹൗസ് സർജൻസി ചെയ്യുന്നവർക്ക് പ്രതിമാസം പതിനയ്യായിരം രൂപ സ്റ്റൈപ്പന്റായി ലഭിക്കുമെന്നിരിക്കെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലും സ്വകാര്യ മെഡിക്കൽ കോളേജികളിലും നിന്ന് പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ ഹൗസ് സർജൻസി ചെയ്യുന്ന എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗം ഹൗസ് സർജൻമാർക്ക് ന്യായമായി കിട്ടേണ്ടുന്ന സ്റ്റൈപ്പന്റ് നിഷേധിക്കുന്ന മെഡിക്കൽ കോളേജുകൾക്കെതിരെ നടപടി സ്വീകരിക്കുമോ;<br>(സി) ഇക്കാര്യത്തിൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) സ്വകാര്യ ദന്തൽ/മെഡിക്കൽ തുടങ്ങിയ കോളേജുകളിലെ എല്ലാ വിഭാഗങ്ങളിലും പെട്ട വിദ്യാർത്ഥികൾക്ക് ന്യായമായ നിരക്കിൽ സ്റ്റൈപ്പന്റ് തുക ലഭ്യമാകുന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയുടെ നിർദ്ദേശത്തെ തുടർന്ന് സ്വകാര്യ മാനേജ്മെന്റുകളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ തുടർ നടപടികൾ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ